

എച്ച്2/21550/2018. വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം.
തൃശൂർ. തീയതി: 07.11.2018.

പേഴ്സിലേത്

വിദ്യാഭ്യാസ ഉപഡയറക്ടർ

തൃശൂർ

സ്വീകർത്താവ്

1. All AEO's & DEO's

2. All HM's (through AEO's and DEO's)

വിഷയം: മെഹ്ഫിൽ 2018 ശിശുദിനാഘോഷത്തോട് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന

പുസ്തകമേളയിൽനിന്നും പുസ്തകങ്ങൾ വാങ്ങുന്നതു സംബന്ധിച്ച്

സൂചന: പൊതുവിദ്യാഭ്യാസഡയറക്ടറുടെ 10.10.2018 ലെ നി ആർ /31138/2018/ഡി.ഒ.ഐ നമ്പർ സർക്കുലർ

കേരള സർക്കാർ സാംസ്കാരികവകുപ്പിന്റെ കീഴിലുള്ള സ്വയംഭരണ കേരള സംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും വിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാരംഗം കലാസാഹിത്യവേദിയും ചേർന്ന് നവംബർ 8 ന് തൃശൂർ ഹോളിഫാമിലി കോൺവെന്റ് സ്കൂളിൽ നടത്തുന്ന ശിശുദിനാഘോഷപരിപാടിയോട് അനുബന്ധിച്ച് ബാലസാഹിത്യപുസ്തകങ്ങൾ മാത്രമുള്ള പുസ്തകമേളയും ഒരുക്കിയിട്ടുണ്ട്. സർക്കാർ/എയിഡഡ് സ്കൂളുകൾക്ക് 40% വിലക്കിഴിവിൽ ഇവിടെനിന്നും പുസ്തകങ്ങൾ വാങ്ങാവുന്നതാണ്.

ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങാൻ ചെല്ലുന്നവർ 40% കിഴിവ് ആവശ്യപ്പെട്ട് സ്കൂൾ ലെറ്റർ ഹെഡിൽ തയ്യാറാക്കിയ പ്രധാന അധ്യാപികയുടെ കത്ത് കരുതേണ്ടതാണ്.

രാവിലെ 9 മണി മുതൽ രാവിലെ 8 മണിവരെ പുസ്തകമേളയിൽനിന്നും പുസ്തകങ്ങൾ വാങ്ങാം. പത്ത് ബാലസാഹിത്യ പുസ്തകങ്ങളടങ്ങിയ പ്രത്യേക പുസ്തകപ്പെട്ടിയും പ്രദർശനത്തിലുണ്ട്. എറണാകുളം ജില്ലയിൽ നവംബർ 8 ന് മാത്രമാണ് പ്രദർശനം ഉണ്ടാവുന്നത്. പൊതുജനങ്ങൾക്കും രജിസ്ട്രേഡ്കൾക്കും 20% വിലക്കിഴിവിലും പുസ്തകങ്ങൾ വാങ്ങാം.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന തളിർ മാസികയ്ക്ക് വരിക്കാരാകാനുള്ള സൗകര്യവും മേളയിലുണ്ട്.

2018 നവംബർ 1 കേരളപ്പിറവിദിനം മുതൽ ശിശുദിനമായ 14 വരെ മെഹ്ഫിൽ 2018 എന്ന പേരിൽ പതിനാറ് ജില്ലകളിലും ശിശുദിനാഘോഷങ്ങൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് പുസ്തകമേള ഒരുക്കിയിരിക്കുന്നത്.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപഡയറക്ടർ